**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3336** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീ-സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഡിജിറ്റൽ റീ-സർവ്വേ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-01-2021 ലെ സ.ഉ(കൈ)24/2021/പ്ലാനിംഗ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും 27-08-2021 ലെ സ.ഉ.(സാധാ)364/2021/പി & ഇ എ പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ടി ഭരണാനുമതി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഒന്നാംഘട്ട ഡിജിറ്റൽ റീസർവ്വെ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപയ്ക്ക് 02-07- 2022 ലെ സ.ഉ(കൈ) നം 15/2022/ പി & ഇ എ പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.<br><br>ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ ഭാഗമായി Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK-Rover), Robotic Electronic Total Station (R-ETS) തുടങ്ങിയ നൂതന സർവ്വെ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 28 COR സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 21 സ്റ്റേഷനുകളുടെ ജോലികൾ പൂർത്തിയായിട്ടുള്ളതും ശേഷിക്കുന്ന സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്. കൂടാതെ RTK Rover, R-ETS തുടങ്ങിയ സർവെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ഇത് കൂടാതെ ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | ചുവടെ ചേർത്തിട്ടുള്ള വിവിധ പ്രാഥമിക നടപടികളും പൂർത്തീകരിച്ചു വരുന്നു.<br><br>• 1500 കോൺട്രാക്ട് സർവ്വേയമാരെയും 3200 കോൺട്രാക്ട് ഹെൽപ്പർമാരെയും എംപ്ലോയ്മെന്റിൽ നിന്നും നിയോഗിക്കുന്ന നടപടി സ്വീകരിച്ചു വരുന്നു.<br>• പൊതുജന സഹകരണം ഉറപ്പാക്കുന്നതിന് വിവിധ ബോധവൽക്കരണ ശിൽപ്പശാലകൾ (IECActivity) സംഘടിപ്പിച്ച് വരുന്നു.<br>• ഭൂസംബന്ധമായി വിവിധ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള പ്രാരംഭ പ്രവർത്തികൾ റവന്യൂ വകുപ്പുമായി സഹകരിച്ച് ആവിഷ്കരിച്ച് വരുന്നു.<br>• ആദ്യഘട്ട സർവെയ്ക്കായി 200 വില്ലേജുകൾ തിരഞ്ഞെടുത്തിട്ടുള്ളതും, ടി വില്ലേജുകളുടെ ReLIS ഡാറ്റാ പ്യൂരിഫിക്കേഷൻ ജോലികളും, ലഭ്യമായ മുൻ റിക്കാർഡുകളുടെ സ്കാനിംഗ് ജോലികളും പൂർത്തിയാക്കി.<br>• പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. ഇതിലേക്കായി സമഗ്രമായ ഒരു സോഫ്റ്റ് വെയർ സംവിധാനം തയ്യാറാക്കുന്നതിനുള്ള നടപടികൾ NIC യുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്നു. .<br>• ക്യാമ്പ് ഓഫീസുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകൾ ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വെ നൂതന സർവ്വെ സങ്കേതങ്ങൾ ഉപയോഗിച്ച് നാല്ല വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. |
| (സി) | പദ്ധതി പൂർത്തിയാകുമ്പോൾ ഭൂവുടമകൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ? | (സി) | ഡിജിറ്റൽ സർവ്വെ പദ്ധതി പൂർത്തിയാകുന്നതോടെ സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഒറ്റ പോർട്ടൽ മുഖേന ഭൂസംബന്ധമായ നടപടികൾ സുതാര്യമാകും. കൂടാതെ ഡിജിറ്റൽ സർവ്വെ പദ്ധതി പൂർത്തിയാകുന്നതോടെ മാപ്പ് അധിഷ്ഠിത പോക്ക് വരവ് സംവിധാനം നടപ്പിലാക്കുന്നതിന് സാധിക്കുന്നതും, എല്ലാ ഭൂമിക്കും രേഖയുണ്ടാവുകയും, |

| | | | |
|---|---|---|---|
| | | | ഭൂമിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള റിക്കാർഡ് ഓഫ് റൈറ്റ് ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ